**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2875** **18.06.2019 ൽ മറുപടിക്ക്**

**പാലോട്-ബ്രൈമൂർ റോഡ് നിർമ്മാണത്തിലെ അപാകത**

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആധുനിക രീതിയിൽ പണി പൂർത്തിയാക്കിയ പാലോട്-ബ്രൈമൂർ റോഡ് ഉദ്ഘാടനത്തിന് മുമ്പ് തന്നെ പൊട്ടിപ്പൊളിഞ്ഞു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രവൃത്തി പൂർത്തീകരണത്തിനു മുൻപ് വേനൽ മഴയിൽ പാർശ്വഭിത്തികൾക്കും കൈവരികൾക്കും വെള്ളം കുത്തി ഒലിച്ചതിനാൽ കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എത്ര കോടി രൂപയായിരുന്നു പ്രസ്തുത റോഡിന്റെ നിർമ്മാണ ചെലവ് എന്ന് വ്യക്തമാക്കുമോ; | (ബി) | 45.69 കോടി രൂപ. |
| (സി) | കൊളച്ചൽ മുതൽ മങ്കയം വരെ അപകട മേഖലയായതും പലയിടത്തും റോഡ് ഇടിഞ്ഞ് താഴുകയും പാർശ്വഭിത്തികളും കൈവരികളും വേനൽ മഴയിൽ ഒലിച്ച് പോകുകയും ചെയ്തത് നിർമ്മാണത്തിലുണ്ടായ അപാകത കൊണ്ടാണോ; വ്യക്തമാക്കുമോ; | (സി) & (ഡി) | വേനൽമഴയിൽ റോഡ് ഇടിഞ്ഞു താഴുകയും പാർശ്വഭിത്തികളും കൈവരികളും ഒലിച്ചുപോയി എന്നുമുള്ള പത്രവാർത്തയിന്മേൽ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത തകരാറുകൾ സംഭവിച്ചത് പ്രവൃത്തിയിലെ അപാകത മൂലമല്ലായെന്നും, മറിച്ച് ടി ഭാഗത്തെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുമ്പ് കനത്ത മഴയിൽ വെള്ളം കുത്തിയൊലിച്ച് കേടുപാടുകൾ സംഭവിച്ചതാണെന്ന് ബോധ്യപ്പെടുകയും ടി ഭാഗങ്ങൾ കരാറുകാരന്റെ സ്വന്തം ചെലവിൽ പുനർ നിർമ്മിച്ച് പ്രവൃത്തി തുടരുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | അശാസ്ത്രീയ റോഡ് നിർമ്മാണത്തിന് പിന്നിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ